# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2017 ആഗസ്റ്റ് 2

നമ്പർ : **285**

കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാംഗങ്ങൾക്കായി 'ജി.എസ്.ടി (ചരക്ക സേവന നികുതി) കേരളത്തിൽ' എന്ന വിഷയം സംബന്ധിച്ച് ഒരു സെമിനാർ 2017 ആഗസ്റ്റ് 7-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനു ശേഷം (വൈകുന്നേരം 3.30-ന്) നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കര നാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നു. പരിപാടിയിൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി.ശശി സ്വാഗതം ആശംസിക്കുന്നതും ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ സാന്നിദ്ധ്യമുണ്ടായിരിക്കുന്നതുമാണ്. ബഹു. ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി.എം.തോമസ് ഐസക് വിഷയം അവതരിപ്പിക്കുന്നതും, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസിലെ പ്രിൻസിപ്പൽ എ.ഡി.ജി ശ്രീ. ഡി. പി. നാഗേന്ദ്രകുമാർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ സീനിയർ കൺസൾട്ടന്റ് ശ്രീ. ആർ. മോഹൻ, കമ്മീഷണർ ഓഫ് കമേഴ്സ്യൽ ടാക്സസ് ഡോ. രാജൻ എൻ. ഖൊബ്രഗഡെ എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിക്കുന്നതുമാണ്. പരിപാടിയുടെ വിശദവിവരങ്ങൾ അടങ്ങുന്ന ക്ഷണക്കത്ത് സാമാജികർക്ക് പ്രത്യേകം അയക്കുന്നതാണ്.

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.